# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 751 — 03.12.2014-ൽ മറുപടിക്ക്

**പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാനുള്ള തീരുമാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, ആർ. സെൽവരാജ് :<br>,, സണ്ണി ജോസഫ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീരോഗ നിയന്ത്രണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീരോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമം എന്നീ ശീലങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.<br>ഇതിനോടൊപ്പം തന്നെ ക്യാൻസർ കെയർ പദ്ധതി, സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റ്, വിദ്യാലയ ജീവിതശൈലീരോഗ വിദ്യാഭ്യാസ പരിപാടി (LEAP), യോഗ പരിശീലനം സ്കൂളുകളിലും തൊഴിൽ മേഖലയിലും, തൊഴിൽ മേഖലയിലെ ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ, മദ്യം, പുകയില ഉപയോഗത്തിനെ തിരെയുള്ള കർമ്മപദ്ധതികൾ എന്നിവ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഇവിടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട് ; സംസ്ഥാനത്ത് പത്ത് ജില്ലകളിൽ പക്ഷാഘാത ചികിത്സയ്ക്ക് സാങ്കേതിക സൗകര്യമൊരുക്കുന്ന 'ടെലിസ്ട്രോക്ക്' പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം ജനറലാശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, |

പത്തനംതിട്ട ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസർഗോഡ് ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ടെലിസ്ട്രോക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ഫിസിഷ്യൻമാർക്കും, കാഷ്വാലിറ്റി മെഡിക്കലാഫീസർമാർക്കും ശ്രീ. ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ടെലിമെഡിസിൻ യൂണിറ്റും, സി.ടി. സ്കാനും പ്രവർത്തനക്ഷമമായ ആശുപത്രികളിലാണ് ഈ സംവിധാനം ആരംഭിച്ചിരിക്കുന്നത്. ടെലിമെഡിസിൻ യൂണിറ്റിലെ സൈറ്റ് അഡ്മിനിസ്ട്രേറ്റർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പക്ഷാഘാതത്തിന്റെ ലക്ഷണത്തോടു കൂടി വരുന്ന രോഗികൾക്ക് അടിയന്തിര ചികിത്സയായ 'Thrombolysis' നൽകുന്നതാണ് ഈ പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യം.

| | |
|---|---|
| (സി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലിക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) പക്ഷാഘാത ചികിത്സയ്ക്ക് നിലവിൽ ആരോഗ്യ വകുപ്പിൽ ഏറെ പരിമിതികളുണ്ട്. ന്യൂറോളജിസ്റ്റുകളുടെ ദൗർലഭ്യം, റേഡിയോളജിസ്റ്റുകളുടെ ദൗർലഭ്യം ചികിത്സാ സങ്കേതങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി കാരണങ്ങളാൽ പക്ഷാഘാത ചികിത്സ നടക്കാതെ പോകുകയും തൻമൂലം ശയ്യാവലംബരായവരുടെയും, മരണപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ച് വരുന്നു. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടാക്കുവാനായി ആരംഭിച്ച പദ്ധതിയാണ് 'ടെലിസ്ട്രോക്ക്'. സി.ടി. സ്കാനും, ടെലിമെഡിസിനും പ്രവർത്തനക്ഷമമായ ആശുപത്രികളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ ടെലി ന്യൂറോളജി യൂണിറ്റുമായി സഹകരിച്ച് കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായുള്ള കരാർ, ദേശീയ ആരോഗ്യ മിഷൻ ഡയറക്ടറും അമൃത ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണയായിട്ടുണ്ട്. |

(.....3)

പൂർണ്ണമായും സൗജന്യമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ ആശുപത്രിയിൽ വരുന്ന പക്ഷാഘാത രോഗികൾക്ക് അരമണിക്കൂറിനകം അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോളജിസ്റ്റുകളുടെ വിദഗ്ദ്ധ ഉപദേശത്തോടു കൂടി 'Thrombolysis' ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുന്നു. ഡോക്ടർമാർക്കുള്ള പരിശീലനം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇതിനോടകം നൽകി കഴിഞ്ഞു.

(ഡി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

(ഡി) പക്ഷാഘാതം വന്ന രോഗികൾക്ക് ജീവിതത്തിലേക്ക് തിരിച്ച് എത്തുന്നതിനായി ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ ഫിസിയോതെറാപ്പി നൽകുന്നതിനുള്ള സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം പത്ത് ജില്ലാ ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരു കോടി നാല്പത്തി രണ്ട് ലക്ഷം രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ഇതിനോടകം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ